LIBRARY ARCHIVES Kerala Legislative Assembly

ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ സബ് സ്റ്റേഷനുകൾ

90 [1212] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ആരംഭിച്ച നെടുങ്കണ്ടം, സേനാപതി, വണ്ടൻമേട് എന്നീ സബ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ നിർമ്മാണം ഏതെല്ലാം ഘട്ടങ്ങളിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് പ്രസ്തുത സബ് സ്റ്റേഷനുകളിൽ ഏതെല്ലാം കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്.

66 കെ. വി. സബ് സ്റ്റേഷൻ, നെടുങ്കണ്ടം

കൺട്രോൾ റൂമിന്റെ നിർമ്മാണം 93 ശതമാനത്തോളവും യാർഡ്സ്ട്രക്ചർ 80 ശതമാനവും പൂർത്തിയായിട്ടുണ്ട്. കട്ടപ്പന നിന്ന് നെടുങ്കണ്ടത്തേക്ക് വലിക്കുന്ന 66 കെ.വി. ലൈനിന്റെ നിർമ്മാണം പൂർത്തിയായി. 2006 മാർച്ച് മാസത്തിനകം കമ്മീഷൻ ചെയ്യാൻ സാധിക്കുന്ന വിധത്തിൽ പണികൾ പുരോഗമിക്കുന്നു.

33 കെ. വി. സബ് സ്റ്റേഷൻ, സേനാപതി

കൈമാറ്റ ഭൂമിയുടെ കമ്പോള വില അടച്ച് ഭൂമി ഏറ്റെടുക്കുന്നതിന് സന്നദ്ധമാണെന്ന സമ്മതപത്രം വിദ്യുച്ഛക്തി ബോർഡിൽ നിന്ന് 11-10-2005-ൽ ലാൻഡ് റവന്യൂ ഡെപ്യൂട്ടി കമ്മീഷണർക്ക് നൽകിയിട്ടുണ്ടെങ്കിലും റവന്യൂ വകുപ്പിൽ നിന്നും സ്ഥലം വിട്ടുകിട്ടിയിട്ടില്ല.

33 കെ. വി. സബ് സ്റ്റേഷൻ, വണ്ടൻമേട്

കമ്പോള വില അടച്ച് ഭൂമി ഏറ്റെടുക്കുന്നതിന് സന്നദ്ധമാണെന്ന സമ്മതപത്രം ബോർഡിൽ നിന്ന് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ടെങ്കിലും റവന്യൂ വകുപ്പിൽ നിന്നും സ്ഥലം വിട്ടുകിട്ടിയിട്ടില്ല.

വൈദ്യുതി ബോർഡിൽ സബ് എഞ്ചിനീയർമാരുടെ ഒഴിവുകൾ

91 [1213] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ സബ് എഞ്ചിനീയർമാരുടെ എത്ര വേക്കൻസികൾ നിലവിലുണ്ട് ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;